# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 1**

---

## പുൽപ്പറ്റ ഇനി സമ്പൂർണ്ണ യു3എ ഗ്രാമം; ആവശത്തോടെ ഏറ്റെടുത്ത് മുതിർന്ന പൗരന്മാർ

*മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഇനി കോട്ടയം മഹാത്മാ ഗാന്ധി സർവകലാശാലയുടെ സമ്പൂർണ്ണ യു3എ ഗ്രാമം. മനുഷ്യായുസിന്റെ മൂന്നാം ഘട്ടത്തിൽ സന്തോഷകരമായ ജീവിതം ഉറപ്പാക്കാൻ ലക്ഷ്യമിടുന്ന രാജ്യാന്തര സംഘടനയായ യു3എയുടെ ഭാഗമാകുന്നതിന് 1370 മുതിർന്ന പൗരൻമാരാണ് തൃപ്പനച്ചി പാലക്കാട് എം.കെ.എച്ച് ഓഡിറ്റോറിയത്തിൽ ഇന്നലെ ഒത്തു ചേർന്നത്.*

*പ്രായമേറുമ്പോൾ ജീവിതം വിശ്രമത്തിനും ഏകാന്തതയ്ക്കും വഴിമാറുന്ന പതിവിന് മാറ്റം വരുത്തുന്ന യു3എയുടെ ആശയം മുതിർന്ന പൗരൻമാർക്കുമുന്നിൽ സാധ്യതകളുടെ ലോകമാണ് തുറക്കുന്നതെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത ഹാരിസ് ബീരാൻ എംപി പറഞ്ഞു. മഹാത്മാ ഗാന്ധി സർവകാലാശാലാ വൈസ്ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സമ്പൂർണ യു3എ ഗ്രാമം പ്രഖ്യാപനം നടത്തി. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു.*

*മഹാത്മാ ഗാന്ധി സർവകലാശാല യു3എയുടെ മെന്റർ ഡോ. സി. തോമസ് ഏബ്രഹാം വിഷയം അവതരിപ്പിച്ചു. യു3എ മലപ്പുറം ജില്ലാ കോ-ഓർഡിനേറ്റർ എ. അബ്ദുറഹ്മാൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്തംഗങ്ങളായ അഡ്വ. പി.വി. മനാഫ്, റൈഹാനത്ത് കുറുമാടൻ, വൈസ് പ്രസിഡന്റ് നുസ്റിന മോൾ, എംജി സർവകലാശാലാ യു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം ഹരിദാസ് പുൽപ്പറ്റ, മറ്റു ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.*

*യു3എയുടെ പ്രവർത്തന പദ്ധതികൾ മുതിർന്ന പൗരൻമാർക്ക് ഏറെ പ്രതീക്ഷ പകരുന്നതാണെന്ന് പരിപാടിയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.*

*മുതിർന്ന പൗരൻമാരുടെ അറിവും വൈദഗ്ധ്യവും സമൂഹത്തിനായി പ്രയോജനപ്പെടുത്താനും സാമൂഹ്യ ജീവിതം സജീവമായി നിലനിർത്താനും സഹായിക്കുന്ന യു3എ ഇന്ത്യയിൽ ആദ്യമായി ആരംഭിച്ച സർവകലാശാല എം.ജി സർവകലാശാലയാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എംജിയു3എയ്ക്ക് യൂണിറ്റുകളു ്.*

*ഫോട്ടോ ക്യാപ്ഷൻ..*

*മലപ്പുറം തൃപ്പനച്ചി പാലക്കാട് എം.കെ.എച്ച് ഓഡിറ്റോയത്തിൽ നടന്ന ചടങ്ങിൽ പുൽപ്പറ്റ സമ്പൂർണ യു3എ ഗ്രാമമായി പ്രഖ്യാപിച്ച മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പഞ്ചായത്ത് പ്രസിഡന്റ് പി.സി. അബ്ദുറഹ്മാന് ഫലകം കൈമാറുന്നു. ഹാരിസ് ബീരാൻ എംപി സമീപം.*

*(പി.ആർ.ഒ/39/1764/2025)*

## ഓണേഴ്സ് ബിരുദം ഒന്നാം പ്രത്യേക അലോട്ട്മെന്റിന് നാളെ വരെ രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിന് പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽപെട്ട വിദ്യാർഥികൾക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റിന് നാളെ(ജൂലൈ 3) വൈകുന്നേരം വരെ രജിസ്റ്റർ ചെയ്യാം.*

*മറ്റു വിഭാഗങ്ങളിൽപെട്ട വിദ്യാർഥികൾക്കും ഓൺലൈൻ രജിസ്ട്രേഷന് സൗകര്യമു ്. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും അപേക്ഷ സ്വീകരിക്കും.*

*മുൻപ് അപേക്ഷ നൽകിയവർക്ക് ഓപ്ഷനുകൾ മാറ്റി നൽകാനും സ്ഥിര പ്രവേശനം എടുത്തവർക്കും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവർക്കും അലോട്ട്മെന്റ് റദ്ദായവർക്കും പുതിയതായി ഓപ്ഷനുകൾ നൽകാനും സാധിക്കും.*

*നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ പ്രത്യേക അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിന് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. ഇവർക്ക് പ്രത്യേക അലോട്ട്മെൻറ് ലഭിച്ചാൽ പുതിയതായി ലഭിക്കുന്ന കോളജിലേക്ക് അല്ലെങ്കിൽ പ്രോഗ്രാമിലേക്ക് നിർബന്ധമായും മാറേ ിവരും. അതുകൊ ുതന്നെ ആവശ്യമെങ്കിൽ മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകും.*

*സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളിലെ ഒഴിവുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ* (https://cap.mgu.ac.in/) *ലഭ്യമാണ്.*

*(പി.ആർ.ഒ/39/1765/2025)*

## റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാമുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്-സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ് (യോഗ്യത-പ്ലസ്ടു) പിജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ് (യോഗ്യത-ഡിഗ്രി) എന്നിവയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 14 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ www.dasp.mgu.ac.in എന്ന വെബ്സൈറ്റിൽ. ഇമെയിൽ: dasp@mgu.ac.in ഫോൺ-8078786798, 0481 2733292

(പി.ആർ.ഒ/39/1766/2025)

## വൈവാവോസി

നാലാം സെമസ്റ്റർ എംഎ മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ സപ്ലിമെന്ററി, 2014 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഫെബ്രുവരി 2025) നാലാം സെമസ്റ്റർ എംഎ മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2025) പരീക്ഷയുടെ വൈവാവോസി പരീക്ഷകൾ ജൂലൈ 18 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

........................

നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി പ്രൈവറ്റ് രജിസ്ട്രേഷൻ (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2025) പരീക്ഷയുടെ വൈവാവോസി പരീക്ഷകൾ ജൂലൈ 14 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

........................

നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി, ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട്, വൈവാവോസി പരീക്ഷകൾ ജൂലൈ എട്ടു മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

........................

നാലാം സെമസ്റ്റർ എംകോം ആന്റ് എംസിഎ (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്റ്റ്, വൈവാവോസി പരീക്ഷകൾ ജൂലൈ ഏഴു മുതൽ

*നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1767/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംസ്സി കെമിസ്ട്രി (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1768/2025)*

## പ്രാക്ടിക്കൽ

*ര ാം സെമസ്റ്റർ ബിഎ മൾട്ടിമീഡിയ, ബിഎ വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഓഡിയോഗ്രാഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (സിബിസിഎസ് പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1769/2025)*

## ശിൽപ്പശാല

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷന്റെ നേതൃത്വത്തിൽ ജൈവ ഭക്ഷ്യോൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും സർട്ടിഫിക്കേഷനും എന്ന വിഷയത്തിൽ ജൂലൈ മൂന്നിന് ശിൽപ്പ ശാല നടത്തും. രജിസ്ട്രേഷൻ ഫീസ് 300 രൂപ. ഫോൺ- 8301000560, 04812733399 (പി.ആർ.ഒ/39/1770/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ